# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3833 21.06.2018-ൽ മറുപടിക്ക്

## കൈത്തറി മേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ് ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി നെയ്ത്തിനെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സൗജന്യ സ്കൂൾ യൂണിഫോം നെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിന് സാധിച്ചു. കൂടാതെ കൈത്തറി നെയ്ത്ത് മേഖലയിൽ 18-40 വരെ പ്രായമുള്ള യുവതീയുവാക്കളെ കണ്ടെത്തി "യുവവീവ്" എന്ന പദ്ധതി പ്രകാരം പരിശീലനം നൽകി നെയ്ത്തുകാരാക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുവാൻ കുടുംബശ്രീയുടെ സഹായത്തോടുകൂടി 20 പേരടങ്ങുന്ന 25 ഗ്രൂപ്പുകളിലായി പുതിയ 500 പേരെ നെയ്ത്ത് മേഖലയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നെയ്ത്ത് തൊഴിൽ അറിയാവുന്നതും എന്നാൽ നിലവിൽ നെയ്യുവാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമായ നെയ്ത്തുകാർക്ക് അവരുടെ വീട്ടിൽ തറിയും അനുബന്ധ ഉപകരണങ്ങളും ഒരുക്കി നൽകി അവരെ തൊഴിലിലേക്ക് ആകർഷിക്കുന്നതിനായി "ഒരു വീട്ടിൽ ഒരു തറി" എന്ന പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കി വരുന്നുണ്ട്. |

| | |
|---|---|
| (ബി) കൈത്തറി തൊഴിലാളികൾക്കായി നടപ്പാക്കിവരുന്ന വിവിധ ക്ഷേമ പദ്ധതികൾ എന്തൊക്കെയാണ്; | (ബി) കൈത്തറി തൊഴിലാളികൾക്കായി നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു:<br>1)നെയ്ത്തുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്.<br>2)നെയ്ത്തുകാരുടെ അവകാശികൾക്ക് മരണാനന്തര ആനുകൂല്യം.<br>3)സ്വാഭാവികമായോ, അപകടം മൂലമോ മരണം സംഭവിക്കുന്ന നെയ്ത്തുകാർക്കും, മുഴുവനായോ ഭാഗികമായോ അംഗഭംഗം സംഭവിച്ചവർക്കും മഹാത്മാഗാന്ധി ബുങ്കർ ഭീമാ യോജന എന്ന പദ്ധതി പ്രകാരം പരിരക്ഷ നൽകി വരുന്നു. കൂടാതെ എംജിബിബിവൈ പദ്ധതിയിൽ അംഗങ്ങളായ നെയ്ത്തുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകി വരുന്നു.<br>4)നെയ്ത്തുകാർക്ക് നൽകുന്ന കൂലിയുടെ എട്ട് ശതമാനം തുക അംശദാന സമ്പാദ്യ പദ്ധതി പ്രകാരം നെയ്ത്തുകാരുടെ കയ്യിൽ നിന്നും ഫണ്ടിലേക്ക് ഈടാക്കുകയും അത്രതന്നെ തുക സർക്കാർ വിഹിതമായി ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ഈ പദ്ധതിയിലെ വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതിയാണിത്. |
| (സി) കൈത്തറി ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനും ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) ഉത്സവ കാലങ്ങളിൽ എക്സിബിഷനുകൾ സംഘടിപ്പിച്ചും റിബേറ്റ് അനുവദിച്ചും കൈത്തറി ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിച്ചു വരുന്നു.<br><br>കൈത്തറി ഉത്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം ലക്ഷ്യമിട്ട് ഹാന്റക്സിലും ഹാൻവീവിലും ഓരോ ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി മുഖാന്തിരം നിയുക്തരായ ഡിസൈനർമാരുടെ സഹായത്തോടെ പ്രസ്തുത ഡിസൈൻ സെന്ററുകൾ വഴി പ്രാഥമിക നെയ്ത്ത് സംഘങ്ങൾക്കും നെയ്ത്തുകാർക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. |

| | |
|---|---|
| (ഡി) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ അനുവദിക്കുന്ന വായ്പക്കാനുപാതികമായി പ്രവർത്തനമൂലധനത്തിന്റെയും സ്ഥിര നിക്ഷേപത്തിന്റെയും അടിസ്ഥാനത്തിൽ മാർജിൻ മണിഗ്രാന്റ് സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ